**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2692** **13-10-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പഠനമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം നാദാപുരം മണ്ഡലത്തിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനായി പട്ടിക ജാതി വികസന വകുപ്പ് നേരിട്ട് അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന ഗ്രാമസഭാ ലിസ്റ്റിൽ നിന്നാണ് പഠന മുറികൾക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത് . പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി പദ്ധതി നടപ്പിലാക്കുന്നില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | പഠന മുറി പദ്ധതിക്കായി ഒരു ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപ വെച്ച് വകയിരുത്തുന്നു. നാദാപുരം മണ്ഡലത്തിൽ 10 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി ഇതേവരെ 45 ഗുണഭോക്താക്കൾക്ക് പഠനമുറി ധനസഹായം അനുവദിച്ചിട്ടുണ്ട്. 90 ലക്ഷം രൂപയാണ് വകയിരുത്തിയത് . |
| (സി) | ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (സി) | പട്ടികജാതി വികസന വകുപ്പ് പഠനമുറി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പഠനമുറി കളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ? | (ഡി) | പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള പഠനമുറി യുടെ മാനദണ്ഡങ്ങൾ ചുവടെ പറയുന്നു. 1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കളായിരിക്കണം. 2. ഹൈസ്കൂൾ/പ്ലസ് ടു ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം. 3. നിലവിലുള്ള വീടിന്റെ വിസ്തീർണം 800 ചതുരശ്ര അടിയിൽ അധികരിക്കാൻ പാടില്ല. 4. കുടുംബവാർഷിക വരുമാന പരിധി 1,00,000/- രൂപയിൽ അധികരിക്കാൻ പാടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# പട്ടികജാതി വികസന വകുപ്പ്

**പഠനമുറി പദ്ധതി പ്രകാരം നാദാപുരം മണ്ഡലത്തിൽ അനുവദിച്ച പഠമുറികളുടെ വിവരം.**

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | അനുവദിച്ചത് | ചെലവഴിച്ച തുക |
|---|---|---|---|
| 1. | കാവിലുംപാറ | 10 | 1770000 |
| 2. | മരുതോങ്കര | 10 | 1800000 |
| 3. | നരിപ്പറ്റ | 06 | 1000000 |
| 4. | നാദാപുരം | 02 | 4000000 |
| 5. | കായക്കൊടി | 05 | 570000 |
| 6. | വളയം | 03 | 600000 |
| 7. | വാണിമേൽ | 04 | 630000 |
| 8. | തൂണേരി | 01 | 200000 |
| 9. | എടച്ചേരി | 04 | 600000 |
| 10. | ചെക്യാട് | 800 ചതുരശ്ര അടിയിൽ കുറഞ്ഞ വീടുള്ള ഹൈസ്കൂൾ / പ്ലസ്ടു വിദ്യാർത്ഥികളുടെ അപേക്ഷ ലഭിക്കാത്തതിനാൽ അനുവദിച്ചിട്ടില്ല. | |

സെക്ഷൻ ഓഫീസർ